(ഡി) പ്രസ്തുത റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ലെങ്കിലും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്. കേരളാ വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള ജലഗുണനിലവാര പരിശോധനാ ലബോറട്ടറികൾ കുടിവെള്ള സാമ്പിളുകൾ പരിശോധിച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് 10500-2012 രണ്ടാം ഭേദഗതി നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉണ്ടോയെന്ന് ഉറപ്പുവരുത്തുകയും മാലിന്യം ഉള്ളവയുടെ വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുവരുന്നു.

ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതി

6 (*366) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിൾദാംശങ്ങൾ എന്തെല്ലാം?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ&ബി) ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കുറഞ്ഞവരുമാനമുള്ള ജീവനക്കാർക്കും തൊഴിലാളികൾക്കും അവരുടെ വരുമാനത്തിന് അനുയോജ്യമായ കുറഞ്ഞ നിർമ്മാണ ചെലവുള്ള വാസസ്ഥലം (ഫ്ലാറ്റ്) ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ജനനി. ഗവൺമെന്റിന്റെ സ്ഥലത്തോ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ ബി.ഒ.ടി. (BOT)വ്യവസ്ഥയിലോ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിരിക്കുന്നത്. സർക്കാരിന്റെ 22-3-2013 തീയതിയിലെ ജി.ഒ. (എം.എസ്.)നമ്പർ 35/2013/തൊഴിൽ ഉത്തരവ് പ്രകാരം 1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 25 അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഭവനം ഫൗണ്ടേഷൻ കേരള എന്ന കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2 ബെഡ് റൂം ഉള്ള 700 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഫ്ലാറ്റ് ഒരു തൊഴിലാളി കുടുംബത്തിന് ലഭ്യമാക്കുന്ന പദ്ധതിയാണിത്. അതിന് ഏകദേശം 12.5 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ ഫ്ലാറ്റിനും ഒരു ലക്ഷം രൂപ ഗ്രാന്റും ബാക്കി തുക 5% പലിശയ്ക്കും വായ്പയായും നൽകുന്നു. 10 വർഷം കൊണ്ട് തുല്യ ഗഡുക്കളായി ഗുണഭോക്താവ് തിരിച്ചടയ്ക്കേണ്ടതാണ്. വാഹനപാർക്കിംഗ്, മഴവെള്ള സംഭരണം, കുട്ടികൾക്കുള്ള കളിസ്ഥലം, വിനോദസൗകര്യങ്ങൾ, വേസ്റ്റ് മാനേജ്മെന്റ് എന്നിവയെല്ലാം ലഭ്യമാക്കുന്ന ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) Kerala State Housing Board (KSHB)-ൽ നിന്നും അവരുടെ ആക്കുളത്തുള്ള (തിരുവനന്തപുരം ജില്ല) രണ്ട് ഏക്കർ സ്ഥലം ജനനി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് കൈമാറുന്നതിന് 27-10-2014-ന് തീരുമാനിച്ചിട്ടുണ്ട്. ജനനി പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 2013-14-ൽ 20 കോടി രൂപയും 2014-15-ൽ 5 കോടി രൂപയും അനുവദിച്ചിട്ടുള്ളതാണ്.

കർഷക തൊഴിലാളിക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

7(*367) ശ്രീ. കെ. ദാസൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കടുത്ത പ്രതിസന്ധി നേരിടുകയാണെന്ന് ബോർഡിന്റെ ചെയർമാൻ തന്നെ പ്രസ്താവിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർക്കാർ വിഹിതം അടിയന്തരമായി നൽകാനും ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുത്ത് ക്ഷേമനിധി ബോർഡിന് നൽകുന്നുവെന്ന് ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly